(ബി) എ.ആർ.ഡബ്ല്യു.എസ്.ആർ.-യിൽ ഉൾപ്പെടുത്തിയ വൻകിട പദ്ധതികൾക്കും എൻ.സി./ആർ.സി.-യിലെ ചെറുകിട പദ്ധതികൾക്കും സുസ്ഥിരമായ സ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും റൂറൽ സ്കൂളുകൾക്കും ടെക്നോളജി മിഷൻ പദ്ധതികൾക്കുംവേണ്ടി 2012-13 സാമ്പത്തിക വർഷത്തിൽ 140 പദ്ധതികൾക്കും 2013-14 സാമ്പത്തിക വർഷത്തിൽ 1/3 പദ്ധതികൾക്കും വേണ്ടിയാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്.

(സി) എസ്.ആർ.എ.എൻ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ശ്രീകൃഷ്ണപുരവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ കടമ്പഴിപുരം, ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ് പഞ്ചായത്തുകളും കരിമ്പുഴ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പുഴ പഞ്ചായത്തിനും ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

ജല അതോറിറ്റിയുടെ പ്രവർത്തനവും ജൈക്ക പദ്ധതിയും

129 (6834) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) പദ്ധതിയിൽ എത്ര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ; അവ ഏതെല്ലാം ; നിർദ്ദേശങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ അവസാന ഇനമായ ദൈനംദിന ഭരണം വേഗത്തിലാക്കാനായി ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിന് എത്രാമത്തെ മുൻഗണന നൽകിയെന്നും ഇതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) കമ്പ്യൂട്ടർവൽക്കരണം നടത്താനുള്ള സോഫ്റ്റ്വെയർ തയ്യാറാക്കാൻ എന്നാണ് അനുമതി നൽകിയത് എന്നും ഇതിനായി തെരഞ്ഞെടുത്ത സ്ഥാപനം ഏതാണെന്നും പ്രസ്തുത തെരഞ്ഞെടുപ്പിനു സ്വീകരിച്ച മാനദണ്ഡം എന്താണ് എന്നും ടെൻഡർ തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുക്കുമ്പോൾ ഏതെല്ലാം സ്ഥാപനങ്ങൾ ടെൻഡർ നൽകിയിരുന്നുവെന്നും പ്രസ്തുത സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്ത തുക എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ഇ) ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള മേൽനോട്ട സമിതി പ്രസ്തുത സോഫ്റ്റ്വെയർ ടെൻഡർ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായുള്ള അനുമതി ആരാണ് നൽകിയത് ; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത സോഫ്റ്റ്വെയർ സ്വതന്ത്ര സോഫ്റ്റ്വെയർ ആണോ എന്നും കരാർ നേടിയ കമ്പനി ഏതു കമ്പനിവഴിയാണ് പ്രസ്തുത പ്രവൃത്തി നടത്തുന്നത് എന്നും വ്യക്തമാക്കുമോ ;

(ജി) ജല അതോറിറ്റിയിൽ ഈ സർക്കാരിന്റെ കാലത്ത് ചീഫ് സെക്രട്ടറിയുടെ മേൽനോട്ടവും അനുമതിയുമില്ലാതെ നടത്തിയ ടെൻഡറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജൈക്ക സഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കുന്ന സ്ഥാപന ശാക്തീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2008 മുതൽ കമ്പ്യൂട്ടർവൽക്കരണം വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കി വരുന്നു. ഇത് കൂടുതൽ വേഗത്തിലാക്കാനും കാര്യക്ഷമമാക്കാനുമാണ് പ്രധാന മുൻഗണന നൽകിയിട്ടുള്ളത്.

(സി) 2008 മുതലാണ് വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിവരുന്നത്. ഇത് ത്വരിതപ്പെടുത്തുന്നതിനായി ഇ.ആർ.പി നടപ്പിലാക്കാൻ ഓപ്പൺ ടെണ്ടറിലൂടെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെണ്ടർ തുക 19.5 കോടി രൂപയാണ്.

(ഡി) പ്രസ്തുത ടെണ്ടറിൽ ഏഴ് കമ്പനികൾ പങ്കെടുത്തു. വിശദവിവരങ്ങൾ താഴെകൊടുക്കുന്നു:

ക്രമ നമ്പർ	കമ്പനി	കാട്ടിയ തുക
1	M/s.Wipro	20,53,25,680
2	M/s.L&T	29,50,23,624
3	M/s KPIT	25,36,95,000
4	M/s Bhawan Cy ber Tek	19,50,14,968
5	M/s.CMC Ltd.	Technically not qualified. Hence price bid not opened.
6	M/s.SRIT	
7	M/s. Yash Technologies	

(ഇ) ഇല്ല. കേരള വാട്ടർ അതോറിറ്റി ബോർഡാണ് പ്രസ്തുത ടെണ്ടറിന് അനുമതി നൽകിയത്. ഇ.ആർ.പി. നടപ്പിലാക്കുന്നതിൽ 5 വർഷത്തെ കാലതാമസം വന്നതിൽ ഫണ്ടിംഗ് ഏജൻസിയായ ജൈക്ക അതൃപ്തി രേഖപ്പെടുത്തിയിരുന്നു. 2014 ഏപ്രിൽ മാസം 15-ാം തീയതിക്കകം ഇ.ആർ.പി.-യുടെ വർക്ക് അവാർഡ് ചെയ്യാമെന്ന് കേരള വാട്ടർ അതോറിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചിരുന്നു. ഇ.ആർ.പി. ഇംപ്ലിമെന്റേഷൻ നടത്തിയാൽ മാത്രമേ സെൻട്രൽ കൺട്രോൾ യൂണിറ്റിനുള്ള (സി.സി.യു. ബിൽഡിംഗ്) ജൈക്ക കൺകറൻസ് ലഭിക്കുകയുള്ളൂ. 1-4-2014-ലെ എംപവേർഡ് കമ്മിറ്റിയിൽ സി.സി.യു. ബിൽഡിംഗ് വർക്കിനുള്ള അനുമതി ലഭിക്കുകയും ടി പണികൾ താരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു. സി.സി.യു ബിൽഡിംഗിനു ചെലവാകുന്ന തുക വായ്പയായി ലഭിക്കണമെങ്കിൽ ഇ.ആർ.പി.യുടെ വർക്ക് ഓർഡർ എത്രയും വേഗം നൽകി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. 12 മാസമാണ് ഇ.ആർ.പി.-യുടെ പൂർത്തീകരണ കാലാവധി. പണികൾ 2015 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുകയും വേണം. ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്യുന്നതിന് മുൻപ് ടെണ്ടറുകളുടെ സ്വഭാവം അനുസരിച്ച് ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റിയുടെ അനുമതി തേടാറുണ്ട്. സമയബന്ധിതമായി നടപ്പിലാക്കേണ്ട പിന്നീ പദ്ധതികൾക്ക് അതോറിറ്റി ബോർഡ് അംഗീകാരം നൽകി എംപവേർഡ് കമ്മിറ്റിയുടെ റാക്കടിഫിക്കേഷനോടുകൂടിയും നടപ്പിലാക്കിവരുന്നു. പരാമർശ ടെണ്ടർ ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(എഫ്) പ്രസ്തുത സോഫ്റ്റ്വെയർ സ്വതന്ത്ര സോഫ്റ്റ്വെയർ അല്ല. ടെണ്ടർ വ്യവസ്ഥ പ്രകാരം കരാർ നേടിയ കമ്പനി നേരിട്ടാണ് പ്രവൃത്തി നടത്തേണ്ടത്.

(ജി) വാട്ടർ അതോറിറ്റിയിൽ ടെണ്ടറുകൾക്ഷണിക്കുമ്പോൾ ചീഫ് സെക്രട്ടറിയുടെ അനുമതി തേടേണ്ടതില്ല.

വൈപ്പിൻ മണ്ഡലത്തിലെ ജലനിധി പദ്ധതി

130 (6835) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഏതുഘട്ടത്തിലാണ് പ്രസ്തുത പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ പഞ്ചായത്തിലും പ്രസ്തുത പദ്ധതിപ്രകാരം എത്ര രൂപയുടെ പദ്ധതിയാണ് ആവിഷ്കരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) എറണാകുളം ജില്ലയിലെ എത്ര പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഏതെല്ലാം മണ്ഡലങ്ങളിലെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ-സി) ജലനിധി പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകൾ ഒന്നും ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly